സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 45 | ലക്കം 1 | 2018 മാർച്ച് 20

വളരെ വൈകിയാണ് ഈ ലക്കം പുറത്തിറങ്ങുന്നത്. എല്ലാ മടിയന്മാർക്കും അർത്ഥശൂന്യമായ കുറെ ന്യായവാദങ്ങൾ പറയാനുണ്ടാവും. അതെനിക്കുമുണ്ട്. ആ ഓടയിൽ നിന്നും വിരിഞ്ഞുവന്ന ഈ ദർശനം ക്ഷമാപണത്തോടെ സമർപ്പിക്കുന്നു. നമ്മെ ധർമ്മത്തിൽ ഉറപ്പിച്ചുനിർത്തുവാനുള്ള കുറുപ്പുസാറിന്റെ പൊടിക്കൈകൾ ഇതിൽ ധാരാളമുണ്ട്. സമാധാനമായി വായിച്ചുകൊള്ളുക. സൗപർണ്ണികയിൽ മുങ്ങികയറും പോലെ  ഒരു സുഖം കിട്ടും.

## സമഗ്ര ആരോഗ്യ ദർശനം

ഓരോ വ്യക്തിക്കും ആരോഗ്യം എങ്ങനെ ആർജ്ജിക്കാം എന്ന വിഷയം ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണിത്. ഈ വിഷയത്തിൽ ശാസ്ത്രജ്ഞന്മാരും മനുഷ്യ സ്നേഹികളായ പലരും ഗവേഷണം നടത്തികൊണ്ടിരിക്കുന്നുണ്ട്. പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നുമുണ്ട്. ഒന്നും വേണ്ടത്ര ഫലപ്രദമായിട്ടില്ലെന്ന് അനുഭവം തെളിയിക്കുന്നു. ഈ രംഗത്ത് എന്റെ കാഴ്ചപ്പാട് വ്യക്തമാക്കട്ടെ.

ആരോഗ്യം എങ്ങനെ ആർജ്ജിക്കാം എന്ന ചോദ്യത്തിന്റെ മുന്നിൽ വരേണ്ട മറ്റൊരു ചോദ്യമുണ്ട്. ആ ചോദ്യത്തിന്റെ മുന്നിലാണ് ഞാൻ നിൽക്കുന്നത്. ആരോഗ്യം എന്തിന് ? ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവർ ഒരു മനുഷ്യൻ എന്തിനാരോഗ്യവാനായിരിക്കണം എന്നാലോചിക്കാറുണ്ടോ ? ഇതിനെ ഒരു ചോദ്യമായി എത്ര പേർ പരിഗണിച്ചിരിക്കാം എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ എന്റെ മനസ്സിൽ അതൊരു മുഖ്യ ചോദ്യമാണ്. ആരോ

ഗ്യത്തെപ്പറ്റിയുള്ള സമഗ്ര ദർശനം ഈ ചോദ്യത്തിന്റെ ഉത്തരത്തെക്കൂടി ആശ്രയിച്ചിരിക്കുന്നുവെന്നാണെന്റെ തോന്നൽ. നമ്മുക്കതേപ്പറ്റി അൽപം ചിന്തിക്കാം.

സമ്പത്ത് എന്തിന് ? അധികാരം എന്തിന് ? വിജ്ഞാനം എന്തിന്? തുടങ്ങിയ ചോദ്യങ്ങളോട് ബന്ധപ്പെട്ട ഒരു ചോദ്യമാണ് ആരോഗ്യം എന്തിന് എന്ന ചോദ്യവും. ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഒന്നാണ്. എന്താണത് ? പരസ്പരാനന്ദത്തിന് എന്നാണെന്റെ ഉത്തരം. മറ്റുള്ളവർക്ക് ഭാരമാകാതെ അവർക്ക് ഉപകാരി ആയിരിക്കുന്നതാണ് എനിക്കാനന്ദം. ഈ ആനന്ദം അനുഭവിക്കുവാൻ ആരോഗ്യം വേണം. മറിച്ച് ആരോഗ്യത്തിന് പ്രചുരപ്രചാരമായ ഒരു നിർവ്വചനം ഉണ്ട്. നല്ല വിശപ്പ്, നല്ല ഉറക്കം, സുഖശോധന, ലൈംഗിക സംതൃപ്തി, ചെറുത്തു തോൽപ്പിക്കാനുള്ള ധൈര്യവും ശക്തിയും ഇത്രയുമുണ്ടായിരുന്നാൽ പൂർണ്ണാരോഗ്യവാനായി. ഈ നിർവ്വചനം ജന്തു തലത്തിന് ചേരും.മനുഷ്യൻ ആരോഗ്യവാനാകുന്നത് എല്ലാവർക്കും വേണ്ടി ആയിരിക്കണം.

ഹിന്ദുവിന്റെ ആരോഗ്യം മുസ്ലീമിനെ തോൽപ്പിക്കുവാനും ക്രിസ്ത്യാനിയുടെ ആരോഗ്യം ഹിന്ദുവിനെ തോൽപ്പിക്കാനുമാണെങ്കിൽ ഇവരെല്ലാം തളർവാതം പിടിച്ചുകിടക്കുകയല്ലേ ഭേദം ! ഇന്ത്യയുടെ ആരോഗ്യവും ശക്തിയും സമ്പത്തും പാകിസ്ഥാനേയും ചൈനയേയും തോൽപ്പിക്കാനാണെങ്കിൽ അത് മാനുഷികാരോഗ്യമാവുകയില്ല. പൈശാചികാരോഗ്യം എന്നുവേണം അതിനെ പറയുവാൻ. ഇത് നേടുവാനാണ് ലോകരാഷ്ട്രങ്ങൾ ശ്രമിക്കുന്നതെന്ന് തോന്നിപ്പോകുന്നു. മനുഷ്യൻ ഇന്ന് മാനസികമായി വളരെ താഴ്ന്ന തരത്തിലാണെന്ന് പറയേണ്ടി വരുന്നു. ഈ തലത്തിൽ നിന്നുള്ള മോചനം ആണ് പ്രകൃതിജീവനം. ആചാര്യ സി.ആർ.ആർ വർമ്മ ആരോഗ്യ സംബന്ധമായി എഴുതിയ പുസ്തകങ്ങൾക്ക് നിർവ്വാണം എന്നൊരു ശബ്ദം കൂടിചേർത്ത് പേർ കൊടുത്തിട്ടുണ്ട്. നിർവൃതിയാണ് ആരോഗ്യം കൃതകൃത്യതയാണ് ലക്ഷ്യം. ഓരോരുത്തരും ചെയ്യേണ്ടത് ചെയ്തു ജീവിക്കലാണ് പ്രകൃതി ജീവനം.

പുകവലി ഉപേക്ഷിക്കുന്നത് ചെലവ് ചുരുക്കാനല്ല കേവലം രോഗം വരാതിരിക്കുവാനുമല്ല. ഒരാൾ പുകവലി ഉപേക്ഷിക്കുന്നത് ലോകത്തിന് വേണ്ടിയാണ്. എന്റെ പുകവലി ലോകത്തിന് ശല്യമാകും. പുകവലി ഉപേക്ഷിച്ചാൽ അത് നിർവൃതിയിലേക്കുള്ള ചുവ

ടുവയ്പാകും. പ്രകൃതിയുമായുള്ള ബന്ധം നിലനിർത്താൻ ഞാൻ ലഹരി ഉപേക്ഷിക്കുന്നു. ഏത്തപ്പഴം മൈദമാവിൽ മുക്കി പാമോയിലിൽ പൊരിച്ചെടുക്കുമ്പോൾ അത് പ്രകൃതിയെ നിന്ദിക്കലായി. അത് അമ്മയുടെ മുമ്പിൽ ശിക്ഷാർഹമായ കുറ്റമാണ്. ശിക്ഷ അനുഭവിച്ചേ തീരൂ. ആ ശിക്ഷയാണ് രോഗം. പ്രകൃതി മാതാവ് തന്റെ സൃഷ്ടികൾക്കെല്ലാം ജീവിക്കുവാനാവശ്യമായതെല്ലാം കരുതിയിട്ടേ സൃഷ്ടി നടത്താറുള്ളു. പ്രസവത്തിനുമുമ്പേ തന്നെ മുലപ്പാലും വാത്സല്യവും അമ്മയിൽ തുളമ്പി വരുന്നു. ഇതു പോരാ എന്നു നിശ്ചയിച്ചു കുപ്പിപ്പാലും ബിസ്ക്കറ്റും കുട്ടിക്കു കൊടുത്താൽ ശിക്ഷ അനുഭവിക്കുന്നത് അമ്മ മാത്രമായിരിക്കുകയില്ല ഒന്നുമറിയാത്ത കുഞ്ഞും ശിക്ഷിക്കപ്പെടും. ഇതാണ് പ്രകൃതി നിയമം.

ജാതി-മത ഭേദഭാവങ്ങൾ പുലർത്തികൊണ്ട് പഴങ്ങളും അണ്ടിവർഗ്ഗങ്ങളും മാത്രം കഴിച്ചാൽ പ്രകൃതിജീവനമാവില്ല. പ്രകൃതി ഭക്ഷണമേ ആകൂ. പ്രകൃതി വൈവിദ്ധ്യത്തെയല്ലാതെ എന്നെ തൊടരുത് ഞാൻ നിന്നേക്കാൾ ഉയർന്നവനാണ് എന്ന സങ്കൽപ്പത്തെ അംഗീകരിക്കുന്നില്ല. ലോകം തെറ്റിതെറ്റി ജീവിതത്തിന്റെ സർവ്വ തലങ്ങളിലും കൃത്രിമത ആവിഷ്കരിച്ചു പോയി. ജാതി - മത അകലം നിലനിൽക്കുന്നിടത്തോളം കാലം മനുഷ്യന് പൂർണ്ണാരോഗ്യം ലഭിക്കില്ല. രാഷ്ട്രാതിർത്തികൾ പ്രകൃതി വിരുദ്ധമല്ലേ ? നാണയം പ്രകൃതിവിരുദ്ധമാണ്. ഭക്ഷണത്തിനും വൈദ്യ സഹായത്തിനും പ്രതിഫലം വാങ്ങരുതെന്ന് വർമ്മാജി പറഞ്ഞത് അദ്ദേഹത്തിന് സമഗ്ര ദർശനം ഉള്ളതുകൊണ്ടാണ്. നാണയത്തിന്റെ പിന്നാലെ ഓടികൊണ്ട് ലളിത ജീവിതം, പ്രകൃതി ജീവനം, ഗാന്ധിമാർഗ്ഗം, അദ്ധ്യാത്മികത തുടങ്ങിയ ശാസ്ത്രങ്ങൾ ഉരുവിട്ടാൽ മോചനം ലഭിക്കില്ല.

ഒരിക്കൽ എനിക്ക് രസകരമായ ഒരനുഭവം ഉണ്ടായി ഒരദ്ധ്യാപകനെപ്പറ്റി കേട്ട് ഞാൻ അന്വേഷിച്ച് പോയി. അദ്ദേഹം സ്വയം നൂറ്റ നൂൽ കൊണ്ടുള്ള വസ്ത്രമേ ധരിക്കൂ. തന്റെ പറമ്പിൽ അദ്ധ്വാനിച്ച് സ്വയം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളേ കഴിക്കൂ. സ്വന്തം നിലത്തിലെ നെല്ലാണ് ഭക്ഷണത്തിന്. വീട്ടിൽ പശുവുമുണ്ട്. ആഡംബര ഭ്രമം ഒട്ടുമില്ല. ഈശ്വര വിശ്വാസിയാണ്. അദ്ദേഹത്തെ പരിചയപ്പെടണമെന്നു തോന്നി ഞാൻ വീടന്വേഷിച്ചു പോയി വീടിനടുത്ത്

എത്തിയപ്പോൾ ഒരു പരിചയക്കാരനെ കണ്ടു അദ്ദേഹം എങ്ങോട്ടാണ് എന്ന് എന്നോട് ചോദിച്ചു. ഞാൻ വിവരം പറഞ്ഞു. അദ്ദേഹം വീടിന്റെ സ്ഥാനം പറഞ്ഞു തന്നിട്ട് പറഞ്ഞു. സാറിന്റെ അറിവ് ശരിയാണ് എന്നാൽ അവിടെ ആരും അധികം ചെല്ലാറില്ല. ആരെയും വീട്ടിൽ കയറ്റില്ല. സഹോദരങ്ങളോടെല്ലാം കലഹമാണ്. ശമ്പളവും വരുമാനവും ഒട്ടും നഷ്ടപ്പെടുത്താതെ ബാങ്കിലിട്ട് ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുവാനാണ് സ്കൂളിൽ പോകുന്നതും കൃഷി ചെയ്യുന്നതും ജീവിക്കുന്നതും എല്ലാവരും പണത്തിന്റെ പിന്നാലെ ഓടുന്നു. അദ്ദേഹവും ഓടുന്നു. പിടിച്ചുപറിക്കുവാനും മോഷ്ടിക്കുവാനും പോകുന്നില്ലല്ലോ എന്ന് ഞാൻ പറഞ്ഞുവെങ്കിലും ഇതിനെ ഗാന്ധിയൻ ലളിതജീവിതമായി പരിഗണിക്കാനാവില്ലെന്ന് എനിക്ക് ബോദ്ധ്യമായി. ഇത് ലാളിത്യമല്ല ലുബ്ധതയാണ്. മറ്റുള്ളവർക്ക് വേണ്ടി സ്വയം നിയന്ത്രിക്കുമ്പോഴാണ് ലാളിത്യം സുന്ദരമാകുന്നത്, ശ്രേഷ്ഠമാകുന്നത്.

അന്യോന്യ ജീവിതമാണ് പ്രകൃതി ജീവനത്തിന്റെ തൂണ്. സ്വകാര്യ മാത്രമായ ജീവിത പ്രമാണവും പ്രകൃതി ജീവനവും ചേർന്ന് പോവില്ല. സി.ആർ.ആർ.വർമ്മ ഇതിന് ഉത്തമ ഉദാഹരണമാണ്. ശ്രീ.കെ.വി ദയാൽ, ശ്രീ.കെ.സേതു, ലൂക്കോസ് കദളിക്കാട്ടിൽ നാണുകുട്ടൻ, സോമനാഥൻ, പണിക്കർസാർ തുടങ്ങി എത്രയോ പേർ ചികിത്സാ രംഗത്ത് മാത്രമല്ല ജീവിതത്തിലാകെ തന്നെ നിസ്വാർത്ഥതയും മാനവികതയും വളർത്തുവാൻ ശ്രമിക്കുന്നു. ഇറച്ചി കഴിക്കുന്നവർ പ്രകൃതി ജീവനക്കാരും പച്ചക്കറി കഴിക്കുന്നവർ പ്രകൃതി വിരുദ്ധരുമാകും. അത്ര വിശാലമായ അർത്ഥത്തിൽ പ്രകൃതി ജീവനത്തെ വീക്ഷിക്കുമ്പോഴേ ദർശനം സമഗ്രമാകൂ. ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി തുടങ്ങി ഒരു ചികിത്സാ സമ്പ്രദായവും പ്രകൃതിജീവനത്തിനന്യമായി ഞാൻ കരുതുന്നില്ല. ഇന്നത്തെ പ്രകൃതി വിരുദ്ധ ജീവിതശൈലി നിലനിൽക്കുമ്പോൾ ആവശ്യമായത് സ്വീകരിക്കേണ്ടി വരും. അതുപോലെ തന്നെ പ്രകൃതി ഭക്ഷണം നിർബന്ധമായി സ്വീകരിക്കുകയും ഉപവാസാദി ശമനമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നവർക്കും രോഗം ബാധിച്ചെന്നുവരും. ഒരിക്കൽ അംബാസമുദ്രത്തിലെ ആശ്രമത്തിൽ രാമകൃഷ്ണൻ മാസ്റ്ററെ കാണാൻ ഞാൻ പോയിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ അടുക്കള ഇല്ല. അഗ്നിയിൽ പാചകം ചെയ്യുക

എന്ന പ്രവൃത്തിയെ ഇല്ല. സൂര്യപ്രകാശത്തിലെ പാചകം കൊണ്ട് കുടുംബാംഗങ്ങൾ തൃപ്തിപ്പെടുന്നു.പല മാറാരോഗികളും അവിടെ വന്നു സുഖമായി തിരികെ പോകുന്നു. അവിടെ ഉണ്ടാക്കുന്ന തേങ്ങാപ്പൂളും പഴങ്ങളും ആണ് അവരുടെ മുഖ്യ ആഹാരം. പിറ്റേന്ന് രാവിലെ രാമകൃഷ്ണൻ മാസ്റ്റർക്ക് ഛർദ്ദി ഉണ്ടായി. അദ്ദേഹം ഒട്ടും വിചാരിക്കാത്ത നേരത്ത് പെട്ടന്ന് അകാലചരമം അടയുകയും ചെയ്തു. ഗുണദോഷസമ്മിശ്രമാണ് ജീവിതം പ്രകൃതിജീവനത്തിനും അത് ബാധകമാണ്. എല്ലാ രോഗങ്ങളും പ്രകൃതി കൊണ്ട് മാറ്റാനാവില്ല. ഒരു കാഴ്ചപ്പാട് പറഞ്ഞാൽ രോഗവും പ്രകൃതിയാണ്. എന്ന് സമർത്ഥിക്കാം. ആരോഗ്യത്തിൽ രോഗശബ്ദവും അടങ്ങിയിരിക്കുന്നുവല്ലോ. ജനനവും രോഗവും മരണവും ഉൾപ്പടെ ജീവിതമാകെ ആനന്ദമായി അനുഭവപ്പെടുത്താൻ ഉപകരിക്കുന്ന ജീവിത സമീപനമാണ്. പ്രകൃതിജീവനം. ഞാൻ ലോകത്തിനും ലോകം എനിക്കും ഈ പാരമ്പര്യം നിലനിർത്താൻ സഹായിക്കുന്ന കർമ്മങ്ങൾ എല്ലാ പ്രകൃതി ജീവനത്തിൽ വരും. ഈ ബോധം ഉണർത്താൻ എന്റെ ലോകത്തിന് വേണ്ടി ഞാൻ രാസവളവും കീടനാശിനികളും ഉപയോഗിക്കാത്ത കൃഷി സമ്പ്രദായം സ്വീകരിക്കും. ഉല്പ്പന്നങ്ങൾ പരസ്പരം കൊടുക്കും. അധ്വാനം ഒന്നിച്ചു ചെയ്യും. പരിസരം ശുചിയായി സൂക്ഷിക്കും. വാക്കും ഭാവവും മധുരമായിരിക്കുവാൻ ശ്രദ്ധിക്കും. ഭൂമിയിൽ ഒരാൾപോലും പട്ടിണി അനുഭവിക്കുവാൻ ആരും ഇടവരുത്തുകയില്ല. എല്ലാവരും വിനയാന്വിതരാകും. അഹംഭാവം കുറഞ്ഞവരും. ഭരണകൂടങ്ങളുടെ ആവശ്യമില്ലാതാകും. മൈത്രീഭാവന എല്ലാവരിലും സദാ ഉണർന്നു തെളിഞ്ഞു നില്ക്കും. ഭൂമിയിൽ അന്യത്വം അവസാനിക്കും. അന്യോന്യതയിൽ വരും ഭൂമി, ഭൂമി ആരോഗ്യവതിയാകും. അതീവസുന്ദരിയാകും.സമൃദ്ധമാകും. ദാരിദ്ര്യം വന്നാലും എല്ലാവരും കൂടി പങ്കിട്ടനുഭവിക്കും. ഈ വിശാലദർശനത്തിലേക്ക് വ്യക്തിയേയും സമൂഹത്തേയും നയിക്കുന്ന ആദർശമാണ് സമഗ്ര ആരോഗ്യ ദർശനം എന്നാണെന്റെ തോന്നൽ. ഞാനതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് അക്ഷീണം പ്രവർത്തിച്ച വർമ്മാജി ഇന്നു നമ്മോടൊപ്പമില്ല. അപ്രതീക്ഷിതമായിരുന്നു വേർപാട്. എന്റെ ആദരാഞ്ജലികൾ.

(2003 ജനുവരിയിലെ പ്രകൃതിജീവന ദർശനത്തിൽ നിന്ന്)

**ഡി.പങ്കജാക്ഷൻ**

# പുതുവർഷാഗമം

ഡിസംബർ 31 ഞായർ – മാനുഷിക ധ്യാനത്തിനായി വൈകിട്ട് കടപ്പുറത്ത് പോകുവാൻ ദർശനം മിത്രങ്ങളെ ധന്യയിലേക്ക് ക്ഷണിച്ചിരുന്നു. ഒരു അൻപത് പേരെ പ്രതീക്ഷിച്ച് മോഹനനോട് പറഞ്ഞ് പുഴുക്ക് ഉണ്ടാക്കി. ലത കഞ്ഞിയും വെച്ച് ഉപ്പിലിട്ടതും തയ്യാറാക്കി എന്നാൽ കടപ്പുറത്തുപോകൂവാൻ നേരം ഒരു വിഷമം. പ്രതീക്ഷിച്ച ആരെയും കാണാനില്ല. ഗോവിന്ദൻ, സതീഷ്ചന്ദ്രൻ പാലക്കാട് നിന്നും കബീർചേട്ടൻ, ചന്ദ്രൻപുറക്കാട്, സുനിൽ എന്നിവർ മാത്രം ആണ് വന്നത്. പരിപാടികൾ എങ്ങനെ നടക്കും ഈ കഞ്ഞിയും പുഴുക്കും എന്ത് ചെയ്യും. എങ്കിലും അത് പ്രകടിപ്പിക്കാതെ കടപ്പുറത്തേക്ക് നടന്നു. ധ്യാനസ്ഥലത്ത് എത്തിയപ്പോൾ അവിടെ പാർക്ക് ചെയ്തിരുന്ന വണ്ടികളും ആളുകളേയും കണ്ട് അതിശയിച്ച് പോയി. സ്ഥലമറിയാവുന്നതുകൊണ്ട് എല്ലാവരും നേരത്തെ ഇവിടെ എത്തി. സന്തോഷത്തോടെ ഞാൻ ലതയ്ക്ക് ഫോൺ ചെയ്തു. ഇവിടെ അൻപത്പേരിൽ കൂടുതൽ ഉണ്ട് അരി കുറച്ചുകൂടി ഇട്ടോളു.

കടൽത്തീരത്തെ പഞ്ചസാര മണ്ണിൽ ഒരു വൃത്തം ചമച്ച് ഞങ്ങൾ ഇരുന്നു. ഓഖി ദുരന്തം കഴിഞ്ഞ സമയമായതിനാൽ കടലമ്മയെ കണ്ടിട്ട് ദുഃഖം തോന്നി. എത്രയോ പേർ ഇവിടെ മുങ്ങി മരിച്ചു. അവർക്കായി എല്ലാവരും എഴുനേറ്റുനിന്ന് പ്രാർത്ഥന നടത്തി. സംഭവത്തെക്കുറിച്ച് വിശദീകരിച്ച് സുരേഷ്കുമാർ തോട്ടപ്പള്ളി അനുസ്മരണം നടത്തി. തുടർന്ന് അയൽക്കൂട്ട ജീവിതത്തിൽ മനസ്സിന്റെ സ്ഥാനം എന്ന അച്ഛന്റെ ലേഖനം ഹംസ സാറും രേഷ്മയും ചേർന്ന് വായിച്ചു. അതിലെ ഓരോ വരിയും മനസിന് ഉണർവ്വ് ഏകുന്നവയായിരുന്നു. ഒരല്പം കേട്ടോളു “ **ദയവായി നമുക്ക് പരസ്പരം കുറ്റപ്പെടുത്താതിരിക്കാം. കുറ്റം കേട്ടാൽ അത് ചെവിയിൽ നിന്നും വായിലേക്ക് വരാതെ വിവേകത്തിൽ വെച്ച് ചുട്ടുകളയുക. വായിലേക്ക് വന്നാൽ അത് കൂടുതൽ ആടയാഭരണങ്ങൾ അണിഞ്ഞു മറ്റൊരു കാതിലേക്ക് കുതിക്കാൻ ശ്രമിക്കും. രസകരമായ ഒരു വിനോദമാണ് കുറ്റം കേട്ട് അത് കേൾക്കാൻ കൊതിക്കുന്നവരിലേക്ക് പകർന്നുകൊടുക്കൽ**” നമ്മുടെ അയൽക്കൂട്ടജീവിത വിജയത്തിന് മാനസിക നില ഉയരുവാനുള്ള നിർദ്ദേശങ്ങളാണ് ലേഖനത്തിന്റെ കാതൽ. ചർച്ചയും പരിചയപ്പെടലും ഒന്നിച്ചു നടന്നു. സുന്ദ

രമായ അന്തരീക്ഷവും മനം കുളിർപ്പിക്കുന്ന ആശയങ്ങളും മാന ത്തമ്പിളിയും കൂടിച്ചേർന്നപ്പോൾ കടപ്പുറത്ത് പരസ്പ്പരാനന്ദമായി.

ഗോപാലകൃഷ്ണൻ സാറും സുഷമടീച്ചറും മക്കളും ചെറുമ ക്കളൊടൊപ്പമാണ് വന്നത് മൂത്ത മകൾ ഗീത-വിവേക്, മക്കൾ ഗീതിക, പ്രാർത്ഥന ഇളയ മകൾ ഡോ.ജിത-പ്രവീൺ മകൻ സംഗീത് എല്ലാവരും ധ്യാനത്തിനായി എത്തി. അഷറഫ്, സതീഷ്ചന്ദ്രൻ, ഷാജി, ബാബു, ഡോ.പത്മകുമാർ, സീതവേണു, സജീവൻ, സുരേഷ് കുമാർ, പത്മജടീച്ചർ- അമ്മ പ്രഭ, ഗിരിജൻ, അനിൽകുമാർ, കുറു പ്പുസാറിന്റെ മക്കളായ രമ, ശാന്തി-അനിൽകുമാർ, മക്കൾ ആതിര, ഗോവിന്ദ് രമയുടെ കൊച്ചുമക്കൾ ആദിത്യ, അർജ്ജുൻ ഈയിടെ വിവാഹിതരായ ശബരീഷും കൃഷ്ണപ്രിയയും പരിപാടികളിൽ പങ്കെ ടുത്തു. അപ്പൂപ്പന്റെ ഈ സന്ദേശങ്ങൾ കേട്ടപ്പോൾ ഈ കുടുംബ ത്തിലേക്ക് വന്നത് സന്തോഷമായി എന്ന് പ്രിയ അറിയിച്ചു. ശ്രീ. ചന്ദ്രൻ പുറക്കാട് അച്ഛനെ അനുസ്മരിച്ചുകൊണ്ട് ആശയങ്ങൾ സംഗ്രഹിച്ചു പറഞ്ഞു. ഇനി ധ്യാനത്തിനുള്ള സമയമായി ഡോ. ഗോപാലകൃഷ്ണൻ സാർ വേണ്ട മുന്നറിയിപ്പുകൾ എല്ലാം തന്ന് കണ്ണുകൾ അടച്ച് ധ്യാനം ആരംഭിച്ചു. മനസിനെ ആദ്യം ഒന്നു നിശ്ച ലമാക്കി ശുദ്ധിചെയ്ത് കുടുംബാംഗങ്ങളെ സ്മരിച്ച് വീട്ടിൽ ശാന്ത മായ ഒരു അന്തരീക്ഷ സൃഷ്ടിക്ക് എന്നാൽ കഴിയുന്നതെല്ലാം ഇന്നു ഞാൻ ചെയ്യും എന്ന് മനസിൽ ഉറപ്പിച്ചു. മനസ്സ് അസ്വസ്ഥമാകാതി രിക്കാൻ ശ്രദ്ധിക്കും. തുടർന്ന് അയൽ വീടുകൾ മനസിൽ കണ്ട് അവർക്ക് വേണ്ടിയും കഴിയുന്ന സേവനം ചെയ്യും എന്ന് തീരുമാ നിച്ച് നാടും നഗരവും കടന്ന് വിശ്വമാകെ വ്യാപിക്കുന്ന ഭാവന പടി പടിയായി കയറി ആഗോളമാനുഷിക ധ്യാന തലത്തിൽ എത്തി. അൽപസമയം അങ്ങനെ ഇരിക്കുക. ഇനി കണ്ണ് തുറക്കാം സാർ നിർദ്ദേശിച്ചു.

ലോകപ്രശ്നങ്ങളുടെ പരിഹാരത്തിനായി ദർശനം നടത്തുന്ന മാനുഷിക ധ്യാനം ആണ് ഇവിടെ നടന്നത്.തുടർന്ന് ദർശനത്തിന്റെ പുതുവർഷസന്ദേശവും ഉണ്ടായിരുന്നു. വരുന്ന വർഷത്തിൽ എല്ലാ വരുടേയും ഹൃദയത്തിൽ ശാന്തിയും സമാധാനവും പുലരട്ടെ. ദർശനം നല്ല സ്വപ്നം കാണാനാണ് ആവശ്യപ്പെടുന്നത് അതിന് അനുസൃതമായ പ്രവർത്തിയും ചെയ്യുക. കഴിഞ്ഞതു കഴിഞ്ഞു.

ശിഷ്ടകാലം പരസ്പരാനന്ദകരമാകട്ടെ. ഹൃദയത്തിൽ നിരാശയോ ദുഃഖമോ പകയോ ജീവിതസാഹചര്യങ്ങളിൽ അടിഞ്ഞുകൂടി യിരിക്കാം അത് അവിടെ കിടന്നാൽ നമുക്ക് തന്നെയാണ് ആപത്ത്. മനസിന്റെ അനന്തമായ ശക്തി പ്രകടമാകുവാൻ ഇത് തടസ്സം ചെയ്യും ജീവിതമാകുന്ന ആകാശത്തിൽ നമുക്ക് പറന്നുയാരാൻ ആവില്ല. അന്നന്നു മനസിലുണ്ടാകുന്ന മാലിന്യങ്ങളെ മാനുഷിക ധ്യാനവും മൈത്രി ഭാവനയും കൊണ്ട് നിർവീര്യമാക്കുക മറ്റുള്ളവരെ സഹാ യിക്കാൻ കിട്ടുന്ന ഒരവസരവും പാഴാക്കരുത്. അവർക്ക് ചെയ്യുന്ന ഉപകാരം അവരുടെ ഹൃദങ്ങളിൽ മാത്രമല്ല നമ്മുടെ ഹൃദയങ്ങ ളിലും പ്രകാശം പരത്തും.

അല്പ സമയം കൂടി കടപ്പുറത്ത് പാട്ടും കഥകളുമായി പൂനിലാവും കണ്ടിരുന്നു ഈ സമയം കുട്ടികൾ അരിയുണ്ട വിതരണം ചെയ്തു. യോഗം കഴിഞ്ഞ് എല്ലാവരും എഴുനേറ്റ് വൃത്താകൃതിയിൽ ഒരു പുഷ്പം പോലെ കൈകോർത്ത് പിടിച്ചുവിടർന്ന് നിന്നു. ഈ ഭൂമി യിൽ എന്തെല്ലാം പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടായാലും നാമെല്ലാം ഭൂമിക്കാരാണ്, ബന്ധുക്കളാണ് എന്ന ബോധ പ്രകാശം ഹൃദയത്തിൽ കെടാതെ സൂക്ഷിക്കും. എല്ലാ അനുഭവങ്ങളേയും സ്വാഗതം ചെയ്തുകൊണ്ട് നമുക്ക് ഒന്നിച്ചു മുന്നോട്ടു പോകാം എന്ന് തീരുമാനിച്ച് എല്ലാവരും പരസ്പരം ആശ്ലേഷിച്ചു. അബ്ദുൽ ഹക്കിം എന്നെ വന്ന് കെട്ടിപിടിച്ചു ആ സന്തോഷത്തിൽ ഞാൻ ആകാശത്തിലേക്ക് നോക്കിയപ്പോൾ കുറുപ്പ് സാർ ഇതെല്ലാം കണ്ടു കൈവീശി പുഞ്ചിരിക്കുന്നുണ്ടായിരുന്നു. രാത്രി ഒൻപത് മണി യോടെ ധന്യയിലെത്തി കഞ്ഞിയും എട്ടങ്ങാടി കൊണ്ട് തയ്യാറാ ക്കിയ നല്ല പുഴുക്കും ഉപ്പിലിട്ടതുമായി പരസ്പരം വിളമ്പി കൊടുത്ത് തൃപ്തിയാവോളം കഴിച്ച് സ്വഭവനങ്ങളിലേക്കു പോയി. വിണ്ടും കാണാം ജയ് ജഗത്.

# ഗീതാ പ്രവചന സംഗ്രഹം

## പ്രൊഫസർ മുരളീധര മേനോൻ

### അദ്ധ്യായം 5

ആസക്തിരൂപത്തിലുള്ള ഈ സംസാരം ഭയങ്കരംതന്നെ. വീട്ടി ലിരുന്നു സ്വധർമ്മം നിർവ്വഹിച്ചാലും കാട്ടിൽ പോയി സന്യസി

ച്ചാലും ഈ ബാധ ആവേശിച്ചതുതന്നെ. അനാസക്തി സ്വധർമ്മവൃത്തിയിൽ ഉണ്ടാവില്ല. കർമ്മങ്ങൾ കുറച്ചുകൊണ്ടുവന്നാലും ഇല്ല.

അപ്പോൾ പിന്നെ എങ്ങിനെ അസംഗനാകാം? ഇവിടെയാണ് മനസ്സിന്റെ ശിക്ഷണം വേണ്ടത്. സ്വധർമ്മസാധനയിൽ മനസ്സിന്റെ സഹയോഗംവേണം. ശരീരം ചെയ്യുന്ന സ്ഥൂലകർമ്മത്തിൽ മനസ്സിന്റെ സൂക്ഷമക്രിയ ചേരണമെന്നുസാരം. ബാഹ്യ കർമ്മങ്ങൾ ഉപേക്ഷിക്കരുത്, കാരണം മനസ്സിനെ പരീക്ഷിക്കുവാൻ കർമ്മം കൊണ്ടേപറ്റു. കർമ്മം ചെയ്തുകൊണ്ടിരുന്നാൽ മനസ്സിന്റെ മാലിന്യങ്ങൾ പൊന്തിവരുമെന്നുകരുതി ഒന്നും ചെയ്യാതെ മിണ്ടാതിരുന്നാൽ മനസ്സ് നിർമ്മലമാകുമോ? പ്രവൃത്തി ചെയ്യുമ്പോൾ ഉള്ളിൽനിന്നും പുറത്തുവരുന്ന ദോഷങ്ങളെ അറിയാനും അകറ്റാനും നമുക്ക് കഴിയുന്നു. അന്തരംഗ ശുദ്ധിക്കുള്ള പ്രയത്നം, അവിരാമം, അവധാനപൂർവ്വം തുടർന്നുകൊണ്ടേയിരിക്കണം. ഇതാണ് വികർമ്മം. അങ്ങനെ കർമ്മത്തിൽ വികർമ്മം സന്നിവേശിക്കുമ്പോൾ കർമ്മം നിർദ്ദോഷവും പരിശുദ്ധവും സ്വാഭാവികവുമാകും. എന്തൊരാനന്ദമാണ് ആ കർമ്മം!

ജ്യോതിർമയനായ ആദിത്യദേവൻ ഈ ലോകത്തെ പ്രകാശിപ്പിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും വലിയൊരു കർമ്മത്തിന്റെ സാഹസത്തോടും ആയാസത്തോടും കൂടിയല്ല. എന്തെങ്കിലും ചെയ്യുന്നതായിട്ടേ അദ്ദേഹത്തിനു തോന്നുന്നില്ല. അതത്ര സ്വാഭാവികമായി തീർന്നു. സവിതാവിന്റെ സത്തതന്നെ പ്രകാശമല്ലേ? ജ്ഞാനികളും ഇതുപോലെ തന്നെയാണ്. അവർക്കു സൽക്കർമ്മം സഹജധർമ്മം. ഇത്തരം മഹാപുരുഷൻമാരുടെ അക്ളിഷ്ടവും നൈസർഗ്ഗികവുമായ സൽകർമ്മവൃത്തി അകർമ്മദശയെ പ്രാപിച്ചിരിക്കുന്നു. ഇതിനാണ് സന്യാസമെന്ന പൂജ്യപദവി നൽകപ്പെട്ടിരിക്കുന്നത്. ഈ സന്യാസം തന്നെ കർമ്മയോഗവും. കർമ്മം ചെയ്യുന്നുവെങ്കിലും അതിൽ ഒട്ടുമേ ഒട്ടലില്ല, അതുകൊണ്ടതു കർമ്മയോഗം, കർമ്മം ചെയ്തിട്ടും കർമ്മമേ ചെയ്തില്ലെന്ന ഭാവം, അകർത്തൃകത സന്യാസവും.

സന്യാസത്തിന്റെ നിർവ്വചനം സർവ്വകർമ്മ പരിത്യാഗമെന്നാണ്. അപ്പോൾ, കർമ്മം ഒന്നും ചെയ്യരുതെന്നോ അല്ല. ചെയ്തിരിക്കുന്നതും ഒരുതരം കർമ്മംതന്നെയല്ലേ? കർമ്മങ്ങൾ എല്ലാം

ചെയ്യുമ്പോളും ഒന്നുംതന്നെ ചെയ്യുന്നില്ല എന്ന ഭാവമാണ് സന്യാസം. ഭംഗ്യന്തരേണ പറഞ്ഞാൽ കർമ്മത്തെ അകർമ്മമാക്കുന്ന വിദ്യയാണ് സന്യാസം.

കർമ്മം ചെയ്തിട്ടും ഒന്നും ചെയ്തില്ലെന്നഭാവം, അകർമ്മ ഭാവന. സന്യാസത്തിന്റെ ഒരു വശം. ഈ അകർമ്മത്തിൽ അനന്ത കർമ്മശക്തി ഗർഭിതമായിരിക്കുന്നു എന്ന കാര്യം രണ്ടാമത്തെ വശം. രണ്ടും അസാധാരണം തന്നെ. എന്തെന്ത് ബൃഹത്തും തീവ്രവുമായ കർമ്മങ്ങളാണ് ജ്ഞാനി ചെയ്തുകൊണ്ടിരിക്കുന്നത്! മാത്രമോ. മറ്റുള്ളവരെ അസംഖ്യകർമ്മങ്ങളിലേക്കു പ്രേരിപ്പിക്കുന്ന വീര്യം, പ്രഭാവം അവരുടെ കർമ്മങ്ങളിൽ സംഭൃതവുമാണ്. എന്നിട്ടും ഒന്നും ചെയ്യുന്നതായി തോന്നുന്നതേയില്ല. ഇതു തന്നെ അകർമ്മാവസ്ഥ.- "ആനന്ദത്തിന്റെ ആന്തരദീപ്തി" എന്ന ലേഖന സമാഹാരത്തിൽ നിന്ന്.

## കൊച്ചു വർത്തമാനം

**1. അടങ്ങൂ മാധവാ......**

ഒരു കുട്ടിക്ക് മരുന്നിനായി അച്ഛനും അമ്മയും കൂടി വന്നു. വലിയ കുസൃതിയായ കുട്ടി. പുറത്തു വെച്ചേ ബഹളം കേൾക്കാം. കളിപ്പാട്ടം വാങ്ങി കൊടുക്കണമെന്നു പറഞ്ഞാണ് കരച്ചിൽ. മുറിയിലേയ്ക്ക് കയറിയതോടെ കരച്ചിൽ വർദ്ധിച്ചു. സഹികെട്ട് അച്ഛൻ കുട്ടിയുടെ ചെവിക്ക് പിടിച്ച് ഒരു കിഴുക്ക് കൊടുത്തു. അതോടെ കുരങ്ങനെ കടന്നൽ കുത്തിയതു പോലെയായി. ദേഷ്യം കൊണ്ട് കുട്ടി അച്ഛനിട്ട് ഒരു കടിയും കൊടുത്തു. അതോടെ അച്ഛന്റെ ഭാവം മാറി. ഇവിടെ നിന്ന് നീ ഇനി ഇറങ്ങ് ഇന്ന് ഞാൻ നിന്നെ ശരിയാക്കുമെന്ന് പറഞ്ഞു. ഇതെല്ലാം കണ്ട് ഞാനീ നാട്ടുകാരിയേ അല്ല എന്ന മട്ടിൽ അമ്മ അടുത്തിരിപ്പുണ്ട്. കരയുന്ന കുട്ടിയെ ഞാൻ അടുത്തു വിളിച്ചു കുറച്ചു ഗുളിക കൊടുത്തു കൂടെ ഒരു കളിപ്പാട്ടവും. സ്വിച്ചിട്ടതു പോലെ കുഞ്ഞിന്റെ കരച്ചിൽ മാറി കളിയായി. കുട്ടി കുറച്ച് ഗുളികയെടുത്ത് അമ്മയ്ക്കും അച്ഛനും കൊടുത്തു. അച്ഛനോ? "അതുകൊണ്ടരിശം തീരാഞ്ഞിട്ടവനാ പുരയുടെ ചുറ്റും മണ്ടി നടന്നു" എന്ന് നമ്പ്യാർ പറഞ്ഞതു പോലെ കുട്ടിയെ ശകാരിച്ചു കൊണ്ട് ഇരുന്നു.

കുഞ്ഞിന് എത്ര വയസ്സായി എന്ന് അച്ഛനോട് ചോദിച്ചു. മൂന്ന് വയസ്സായി. രണ്ടു മൂന്നു ദിവസമായി അവന് വല്ലാത്ത നിർബന്ധമാണ്. പുറത്തിറങ്ങുമ്പോഴെല്ലാം എന്തെങ്കിലും വാങ്ങിക്കൊടുക്കണം. ഇല്ലെങ്കിൽ വാശിപിടിച്ച് കരയും. - വിരശല്യം ഉണ്ടെങ്കിൽ കുട്ടികളിങ്ങനെ കരയും അതിന് വടി എടുക്കേണ്ട കുറച്ച് വിര ഗുളിക കൊടുത്താൽ മതിയെന്ന് ഞാൻ പറഞ്ഞു. കൂടെ മാതാപിതാക്കൾക്ക് ചില നിർദ്ദേശങ്ങളും. ശരിക്കും അവർക്കായിരുന്നു ചികിത്സ വേണ്ടത്. ഈശ്വരൻ ഈ കുട്ടിയെ വളർത്താൻ നിങ്ങളെ ഏൽപ്പിച്ചതാണെന്ന ഒരു ബോധം ഉണ്ടായിരിക്കണം. അല്ലാതെ നിങ്ങൾ മാത്രം വിചാരിച്ചാൽ നിങ്ങൾക്കൊരു കുട്ടി ഉണ്ടായി വരികയില്ലല്ലോ. അഞ്ച് വയസ്സു വരെ സ്നേഹത്തിന്റെ തൊട്ടിലിൽ വേണം കുട്ടിയെ വളർത്താൻ. ഭയപ്പെടുത്തരുത്, ശിക്ഷിക്കരുത്, നല്ല ഭക്ഷണവും നല്ല സംസ്കാരവും പകർന്നു കൊടുക്കണം. കുട്ടിയുടെ പ്രകൃതം കണ്ട് നിങ്ങൾക്ക് ദേഷ്യം വരുന്നെങ്കിൽ ആദ്യം നിങ്ങളുടെ ദേഷ്യം നിയന്ത്രിക്കുക. തെറ്റു ചെയ്ത കുട്ടിയെ ഉപദേശിച്ച് ഒരു മുത്തം കൊടുക്കുക അപ്പോൾ നിങ്ങളുടെ ദേഷ്യവും മാറിക്കിട്ടും. അഞ്ച് വയസ്സു കഴിഞ്ഞാൽ തിരിച്ചറിവിനുള്ള സമയമായി. പിന്നെ ചൊല്ലും ചോറും കൊടുത്ത് വളർത്തണം. അത്യാവശ്യം വന്നാൽ നന്നാവാൻ വേണ്ടി ശാസനയോ ചെറിയ ശിക്ഷയോ സ്നേഹപൂർവ്വം കൊടുക്കുക. പതിനാറ് വയസ്സ് കഴിഞ്ഞാൽ പിന്നെ ശിക്ഷ പാടില്ല. മക്കളെ മിത്രത്തെപ്പോലെ കരുതി കുടുംബകാര്യങ്ങളിലും ബന്ധപ്പെടുത്തുക. ആമ അതിന്റെ മുട്ട വിരിയിക്കുന്നത് അതിന്റെ ചിന്ത കൊണ്ടാണ്. കുട്ടി നന്നാവാൻ നമ്മളുടെ നിരീക്ഷണം അത്യാവശ്യമാണ് അല്ലെങ്കിൽ വഴിതെറ്റും. ഇതൊക്കെ കേട്ട് കലി പൂണ്ടിരുന്ന അച്ഛൻ ശാന്തനായി എന്നിട്ട് പറഞ്ഞു "ഡോക്ടറേ ദേഷ്യം വന്നാൽ എനിക്കത് നിയന്ത്രിക്കാനാവുന്നില്ല എന്തു ചെയ്യും?" മിണ്ടാതിരുന്ന സഹധർമ്മിണി പതുക്കെ പറഞ്ഞു. ഇതാ ഡോക്ടറേ ഞാൻ ഇടപെടാതിരുന്നത്. ദേഷ്യപ്പെട്ടിരിക്കുമ്പോൾ ഞാനെന്തെങ്കിലും പറഞ്ഞാൽ പിന്നെ എല്ലാം എന്റെ തലയിലാവും. അതു കേട്ട് ക്ഷുഭിതനായി സടകുടഞ്ഞെണീറ്റ അച്ഛനെ ഞാൻ ആംഗ്യം കൊണ്ട് ശാന്തനാക്കി. എനിക്ക് കിട്ടിയ അവസരം ഞാനും പാഴാക്കിയില്ല. ശരിയെന്ന് തോന്നിയത് ഞാനാ ദമ്പതികൾക്ക് പകർന്നു കൊടുത്തു. അതാണ് അടങ്ങൂ മാധവാ...... പറയാനെളുപ്പമാ

ണെങ്കിലും കോപത്തെ അടക്കുക അത്ര എളുപ്പമല്ല. ഞാനും അതിന്റെ പങ്കപ്പാടിലാണ്. നിരന്തരം തോറ്റു കൊണ്ടാണ് ഇതെഴുതുന്നത്.

ഇതു പോലെ കരയുന്ന ഒരു കുട്ടിയുമായി ഒരച്ഛൻ പാതയോരത്തു കൂടി നടക്കുകയാണ്. എന്തിനോ വേണ്ടി തോളത്തു കിടന്ന കുഞ്ഞ് കരഞ്ഞ് ബഹളം വെച്ചു കൊണ്ടിരുന്നു. പോക്കറ്റിൽ നിന്നും അച്ഛൻ കൊടുത്ത മിഠായി കുട്ടി ദൂരെ വലിച്ചെറിഞ്ഞു. കരച്ചിൽ ഉച്ചസ്ഥായിയിലെത്തിയപ്പോൾ അടങ്ങു മാധവാ അടങ്ങ് എന്ന് കുട്ടിയുടെ അച്ഛൻ പറഞ്ഞു കൊണ്ടേയിരുന്നു. ഇതു കേട്ട് വഴിയാത്രക്കാരിയായ ഒരമ്മ അലിവ് തോന്നി മാധവനെ കുറച്ചു നേരം ഞാനെടുക്കാം എന്നുപറഞ്ഞ് കൈനീട്ടി. കുട്ടിയെ എടുത്ത് അവർ താരാട്ടു പാടി കൂടെ നടന്നപ്പോൾ കുഞ്ഞിന് കളിയും ചിരിയുമായി. മാധവാ എന്ന് വിളിച്ചപ്പോൾ കുട്ടി എന്റെ പേർ മുകുന്ദനെന്നാണെന്നും അച്ഛനാണ് മാധവനെന്നും പറഞ്ഞു. ഒന്നും മനസ്സിലാകാതിരുന്ന യാത്രക്കാരിയോട് മാധവൻ പറഞ്ഞു. "ഒരു സാഹചര്യത്തിലും ക്ഷോഭിക്കരുതെന്നാണ് എന്റെ തീരുമാനം. എന്നാൽ കുട്ടി അമ്മയെ കാണുവാൻ വാശിപിടിച്ച് കരഞ്ഞപ്പോൾ എനിക്ക് അൽപ്പം ദേഷ്യം തോന്നി. ഞാൻ കോപത്തിന് അടിമപ്പെട്ടാൽ പ്രശ്നം കുറേക്കൂടി വഷളാകുമെന്ന് എനിക്കറിയാം. മുകുന്ദനോട് പറഞ്ഞിട്ട് കാര്യമില്ല അതാണ് അടങ്ങു മാധവാ എന്ന് ബോധപൂർവ്വം പറഞ്ഞത്". മനസ്സ് നമ്മുടെ അധീനതയിലായാൽ അതിന്റെ മർക്കട സ്വഭാവം വെടിഞ്ഞ് ശാന്തമാകും. ജീവിതവും സുന്ദരമാകും.

കോപത്തെ അതി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇതും കൂടി ശ്രദ്ധിക്കുക. കോപം രണ്ടറ്റവും മൂർച്ചയുള്ള കത്തി പോലെയാണ്. ഇരുവർക്കും മുറിവുണ്ടാകും. കോപം അതിന്റെ ഉത്ഭവ സ്ഥാനത്തെ തന്നെ തകർക്കുന്നു. കോപം കൊണ്ട് രോഗവും ബുദ്ധിനാശവും സംഭവിക്കുന്നു. അന്തരീക്ഷമാകെ അസ്വസ്ഥമാകുന്നു. കോപം പരിത്യജിക്കേണം ബുധജനം എന്ന് രാമായണം. കോപമെന്നാൽ ബോധത്തിന്റെ അഭാവം തന്നെയാണ്. ഉന്നത ഉദ്യോഗസ്ഥരുടെ മുമ്പിൽ കോപം വന്നാൽ നാം അതങ്ങ് സഹിക്കും. സാധുക്കളുടെ മുന്നിലാണ് പലരും താണ്ഡവമാടുന്നത്. എല്ലാവരിലും കുടികൊള്ളുന്നത് ഒരേ ഉണ്മയാണെന്ന ബോധം ഉദിച്ചാൽ പിന്നെ ആര് ആരോട് കോപിക്കുവാനാണ്? തെറ്റു കാണുമ്പോഴാണ് കോപിക്കു

ന്നതെങ്കിൽ നാം എന്തെല്ലാം തെറ്റുകൾ ചെയ്യുന്നു? അപ്പോൾ കോപം തോന്നിയോ? ഇല്ല നാം അതങ്ങ് ക്ഷമിച്ചു. നമുക്കേറ്റവും വേണ്ടപ്പെട്ടവരുടെ തെറ്റും നാം ക്ഷമിക്കും. പിന്നെ ആരാണീ വേണ്ട പ്പെടാത്തവർ? നമ്മുടെ ശരീരാവയവങ്ങൾ നമ്മിൽ നിന്നും ഭിന്നമ ല്ലാത്തതു പോലെ ഈ പ്രപഞ്ചമാകെ ഒന്നിൽ നിന്ന് ഉത്ഭവിച്ചതാണ്. നാമെല്ലാം ഒന്നാണെന്ന ബോധം ഉണരണം. ഒരേ നദി പല സ്ഥലത്തും പല രീതിയിൽ ഒഴുകുന്നു. വ്യത്യസ്ഥ സംസ്കാരങ്ങ ളിൽ ജനിച്ചു വളർന്ന മനുഷ്യൻ അത് ഉൾക്കൊണ്ട് ജീവിക്കുന്നു. വൈവിധ്യമില്ലാത്ത ഒരു ലോകമുണ്ടോ? എല്ലാവർക്കും ഒരേ പ്രകൃതം സാധ്യമാണോ? നാം അനുഭവിക്കുന്ന സുഖദുഃഖങ്ങൾക്ക് മറ്റൊരാളെ കുറ്റപ്പെടുത്തുന്നതിൽ എന്തർത്ഥമാണുള്ളത്. നമ്മുടെ കർമ്മഫലങ്ങൾക്ക് മറ്റൊരു ഉത്തരവാദിയില്ല. കോപം കൊണ്ടുണ്ടാ കുന്ന ഊർജ്ജ നാശം മറ്റൊന്നു കൊണ്ടും ശരീരത്തിന് സംഭവിക്കു ന്നില്ല. ഹൃദയ സ്തംഭനം വരെ സംഭവിച്ചിട്ടുള്ളതായി അറിയാം. കോപ ത്തെ പുറത്തേയ്ക്ക് വിടാതെ വിവേക ബുദ്ധികൊണ്ട് ചുട്ടു കളയാ നാണ് കുറുപ്പുസാർ ഉപദേശിക്കുന്നത്. ദേഷ്യം വന്നാൽ മുറ്റത്തി റങ്ങി പോയി പുല്ലു പറിക്കുക. കോപം എർത്തായി പൊയ്ക്കൊള്ളും. രണ്ടു ഗ്ലാസ്സ് പച്ചവെള്ളവും കുടിച്ചു കൊള്ളുക. കോപം വിനാശ ത്തിന്റെ വിത്താണ്. ടോണിക്ക് കുടിക്കുമ്പോഴല്ല നാം നന്നാകു ന്നത് മനസ്സിനെ അടക്കുമ്പോഴാണ്. കഥയൊക്കെ പറഞ്ഞ് വിര ഗുളികയും കൊടുത്ത് മരുന്നുകാരെ വിട്ടു. തിരക്കില്ലെങ്കിൽ വായ നക്കാർ അൽപ്പം കൂടി ക്ഷമിക്കുക.

നമ്മളെ ഇവിടെ ആകർഷിക്കുന്നത് ആ കുട്ടിയാണ്. അതിന്റെ കുഞ്ഞു മനസ്സാണ്. അച്ഛനുമായി വഴക്കിട്ട കുട്ടി അത് അപ്പോഴെ മറന്ന് കിട്ടിയ ഗുളിക അച്ഛനും കൊടുത്തു. അച്ഛനോ നീ വീട്ടി ലോട്ട് വാ നിനക്ക് വെച്ചിട്ടുണ്ട് എന്നാണ് പറയുന്നത്. കുഞ്ഞു മന സ്സിലാണ് നിഷ്കളങ്കതയും വളർച്ചയും സന്തോഷവും. അതിനാ ലാണ് യേശുദേവൻ തന്റെ അടുത്ത് വന്ന കുട്ടികളെ വിലക്കിയ ശിഷ്യന്മാരോട് അവരെ തടയരുത് എന്റെ അടുത്ത് വന്നോട്ടെ അവ രുടെ നിഷ്കളങ്കത നിങ്ങൾ ഉൾക്കൊള്ളുക നിങ്ങൾ ദൈവത്തോ ടടുക്കും എന്ന് പറഞ്ഞത്. നാമെല്ലാം ശ്രമിക്കുന്നത് സന്തോഷകര മായ ഒരു ജീവിതത്തിനാണ്. അതാണിപ്പോൾ കിട്ടാനില്ലാത്തത്. അതി നായി മനസ്സിനെ അടക്കിയേ പറ്റൂ. ഒരു പ്രധാന പ്രശ്നം മനസ്സിൽ

അഹങ്കാരം വർദ്ധിക്കുമ്പോൾ ദുരിതങ്ങൾ തുടർച്ചയായി വന്ന് നമ്മെ കഷ്ടപ്പെടുത്തും. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആത്മപരിശോധന നടത്തി അതിന്റെ യഥാർത്ഥ കാരണമായ മനസ്സിലെ ദുർവാസന കളെ ആട്ടിയകറ്റാൻ പഠിക്കണം. മറ്റു വഴികളില്ല. ഹൃദയ ശുദ്ധിയു ണ്ടായാൽ ബാഹ്യാന്തരീക്ഷവും അനുകൂലമാകും. അതിനു പകരം നമ്മുടെ പ്രശ്നങ്ങൾക്ക് കാരണം മറ്റുള്ളവരിലോ വിധിയിലോ ആരോപിച്ച് വെറുതെയിരുന്നിട്ട് ഒരു കാര്യവുമില്ല. അതാണ് കുറുപ്പു സാർ പറഞ്ഞത് ലോക പ്രശ്നങ്ങളുടെ വേരുകൾ തേടി ലോക മൊന്നും ചുറ്റിത്തിരിയണമെന്നില്ല സ്വന്തം മനസ്സിലേയ്ക്ക് നോക്കൂ ഇവിടെയാണ് പരിഹാര ക്രിയ ആരംഭിക്കേണ്ടത്.

ജീവിതത്തെ കുറിച്ച് വ്യക്തമായ ദർശനം ഉണ്ടായിരിക്കണം. "അച്ച് നന്നായെങ്കിലേ അതിൽ വാർക്കുന്നതൊക്കെയും നന്നായി രിക്കുകയുള്ളൂ". അഹന്ത ബാധിച്ച കണ്ണിലൂടെ ലോകത്തെ നോക്കി കണ്ടാൽ എങ്ങും അധർമ്മം നടക്കുന്നതായി തോന്നും ധർമ്മിഷ്ഠ രായ വ്യക്തികളെപ്പോലും കുറ്റപ്പെടുത്തും. താനും തന്റെ താന്തോ ന്നിയായ മനസ്സിന്റെ കണ്ടെത്തലുകളുമാണ് ശരിയെന്ന് തോന്നി മദ്യം കഴിച്ച മദയാനയെപ്പോലെ കണ്ണിൽ കണ്ടതെല്ലാം അടിച്ച് തകർത്ത് നടക്കും. എത്ര നന്മയുള്ളവരിലും ചികഞ്ഞ് നോക്കി ഇല്ലാത്ത ഒരു തിന്മയെ പൊക്കിയെടുത്ത് രൂപം കൊടുത്ത് ദുര്യോധനൻ ഭീമന്റെ ഡമ്മിയുണ്ടാക്കി ഇടിക്കും പോലെ ഇടിക്കും ഫലമോ? അഹങ്കാര മൊക്കെ ഒരു പ്രതിസന്ധി ഘട്ടത്തിൽ പ്രകൃതി പിടിച്ച് രണ്ട് അലക്ക് വെച്ചു കൊടുക്കുമ്പോൾ അസ്തമിക്കും. അപ്പോൾ മഹാനായ എനിക്ക് എന്തേ ഇങ്ങനെയൊക്കെ പറ്റി എന്നാ സാധു മനുഷ്യൻ ചോദിച്ചിട്ടെന്തു കാര്യം? പ്രകൃതി കനിഞ്ഞു നൽകിയതിന്റെ തിരിച്ച ടവില്ലാതെ ജീവിതാനന്ദം ലഭിക്കുകയില്ല. മനസ്സ് അഹങ്കാരത്തിന്റെ പിടിയിലായിരിക്കുമ്പോൾ നല്ലതൊന്നും തലയിൽ കയറുകയില്ല. ഈ ഭൂമിയിൽ സ്വസ്ഥ ജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ ഇവിടെയുള്ള വരെല്ലാം എനിക്ക് വേണ്ടപ്പെട്ടവരാണെന്ന ബോധം ഉദിക്കണം. മണ്ണിൽ പണിയെടുക്കണം, മറക്കാനും പൊറുക്കാനും കഴിയണം. മഹാത്മാക്കളുടെ ജീവിതചര്യയിലൂടെ ഇതൊക്കെ കണ്ടു പഠിക്കാം. ബ്രിട്ടീഷുകാർക്കെതിരെ ജീവിതകാലം മുഴുവൻ സമരം ചെയ്ത മഹാത്മജിക്ക് അവരോട് ഒരു വെറുപ്പുമില്ലായിരുന്നു. അവരിലെ തിന്മയെ മാത്രമാണ് ഗാന്ധി എതിർത്തത്. അവരോട് സ്നേഹം

മാത്രം. ബുദ്ധനും, യേശുവും, മുഹമ്മദും മനുഷ്യരെ ഒന്നായി കണ്ട് എല്ലാവരോടും കാരുണ്യം മാത്രം പ്രവഹിപ്പിച്ചിരുന്നു. കുരിശ്ശിൽ തറച്ചവരുടെയും ക്ഷേമത്തിനായി അവർ പ്രാർത്ഥിച്ചു. അമൃതാന ന്ദമയീ മഠത്തിനെതിരെ വലിയ ആരോപണങ്ങളുമായി ഒരു വിദേശ വനിതയായ ഗെയിൽ രംഗത്ത് വന്നപ്പോൾ അതിന്റെ സത്യാവസ്ഥ യറിഞ്ഞ് മഹാപരാധം എന്നൊരു ലേഖനമെഴുതി അതിന്റെ കുറച്ചു കോപ്പികളുമായി ഞാൻ അമ്മയുടെ അടുത്തു ചെന്നു. എന്തോന്നാ മോനെ ചുരുട്ടിപ്പിടിച്ചു കൊണ്ട് വന്നിരിക്കുന്നതെന്ന് അമ്മ ചോദിച്ചു. എന്റെ മറുപടിയും തുടർന്ന് അമ്മയുടെ സംഭവത്തെക്കുറിച്ചുള്ള വിശദീകരണത്തിനുമൊടുവിൽ അമ്മ പറഞ്ഞു. "അവൾ അമ്മയുടെ മോളാണ്. പിള്ള ചവിട്ടിയാൽ അമ്മയ്ക്ക് വേദനിക്കുകയില്ല. അവൾക്കിഷ്ടമുള്ളതെല്ലാം പറയട്ടെ എഴുതട്ടെ അതൊക്കെ വിശ്വ സിക്കാൻ തോന്നുന്നവർ വിശ്വസിക്കട്ടെ. അതിനെന്താണ് കുഴപ്പം? ദൈവത്തിനറിയാത്തൊരു കാര്യവുമില്ല. സത്യം ഒരിക്കൽ പുറത്തു വരും മോനിതൊന്നും എഴുതിക്കൊണ്ട് നടക്കേണ്ട കാര്യമില്ല". മഠ ത്തിനെതിരെ അസഭ്യ വചനങ്ങൾ പറഞ്ഞവരോടും അമ്മയ്ക്ക് കാരുണ്യം മാത്രം. ഇരുട്ടു കീറുന്ന പ്രകാശ രശ്മികൾക്ക് ഇരുട്ട് ഒരിക്കലും തടസ്സമാകില്ല.

ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകുവാൻ സ്വന്തം കടമകൾ തിരിച്ചറിയണം. തനിക്കും ലോകത്തിനും പ്രയോ ജനപ്രദമായി ജീവിക്കണം. സ്വന്തം തെറ്റുകൾ കണ്ടറിഞ്ഞ് തിരു ത്തണം. അന്യരുടെ തെറ്റുകൾ നോക്കിയിരുന്നാൽ നമ്മുടെ മന സ്സാണ് കളങ്കപ്പെടുന്നത്. തെറ്റുപറ്റാത്തവരായി ഭൂമിയിലാരുണ്ട്? ജീവി തമെന്നാൽ തെറ്റിൽ നിന്നും ശരിയിലേക്കുള്ള യാത്രയാണ്. ക്ഷമ അതിന്റെ കൊടിയടയാളവും. ഒരു നെൽച്ചെടി വളർന്ന് അതിൽ നെല്ലുണ്ടായി വിളഞ്ഞ് കഴിഞ്ഞാൽ പിന്നെ ചെടിയുടെ ആവശ്യമില്ല. അതുണങ്ങിപ്പോകും. വാഴ കുലച്ച് കായ പഴുത്തു തുടങ്ങുമ്പോൾ വാഴ പിന്നെ നിലനിൽക്കില്ല. മാധവൻ അടങ്ങിയാൽ മനുഷ്യ ജീവിതം പുഷ്പിച്ച് അതിന്റെ പൂർണ്ണതയിലെത്തും അപ്പോൾ എല്ലാ വരോടും സ്നേഹം മാത്രം. മനസ്സിന്റെ എല്ലാ പിരിമുറുക്കങ്ങളും അയഞ്ഞു വരുമ്പോൾ പ്രാരാബ്ധകർമ്മങ്ങളെല്ലാം നമ്മെ വിട്ടൊ ഴിയും. ഇവിടെ നമ്മെ എത്തിക്കാൻ വേണ്ടിയാണ് പ്രകൃതി നമു

ക്കെതിരെ കളിയായ് റോക്കറ്റുകൾ വിക്ഷേപിക്കുന്നത്. ഇതറിഞ്ഞ് പ്രവർത്തിച്ചാൽ പിന്നെ എന്തിന് ഭയം. ആനന്ദം മാത്രം. ജയ് ജഗത്.

## അറിഞ്ഞിരിക്കേണ്ട വചനങ്ങൾ (മഹാഭാരതത്തിൽ നിന്ന്)

സനൽകുമാർ – 9605896925

1. ഉത്തമപുരുഷന്മാർ വൈരം വെച്ചിരിക്കയില്ല. മറ്റുള്ളവരുടെ ഗുണങ്ങളല്ലാതെ ദോഷങ്ങളൊന്നും കാണുകയില്ല.

2. കാലനദിയുടെ ഒഴുക്കിൽ താമസിക്കുന്ന രണ്ടു മുതലകളാണ് ജരയും മൃത്യവും. അതെല്ലാവരേയും പിടിച്ചു വിഴുങ്ങുന്നു. അവയിൽ നിന്നും രക്ഷപെടുവാൻ ആർക്കും കഴിയുകയില്ല.

3. മൂഢൻമാർക്ക് ദിവസംതോറും ദുഃഖത്തിനും ഭയത്തിനും അനേകായിരം കാരണങ്ങളുണ്ടാകും ബുദ്ധിമാന്മാർക്കതുണ്ടാവില്ല

4. രാഗദ്വേഷങ്ങൾ ധർമ്മാർത്ഥങ്ങളെ മുഴുവൻ നശിപ്പിക്കുന്നു. അതുകൊണ്ട് സമ്പത്തിലോ ഇഷ്ടജനങ്ങളിലോ സ്നേഹം ബദ്ധമായി നിർത്തരുത്.

5. ധനത്തിൽ നിന്നുണ്ടാകുന്ന ദുഃഖങ്ങളാണ് പിശുനത, ഗർവ്വ്, സ്വാഭിമാനം, ഭയം, ഉദ്വേഗം എന്നിവ.

6. ചളിയിൽ ചവിട്ടിയശേഷം കാൽകഴുകുന്നതിനേക്കാളുത്തമം അതു ചവിട്ടാതിരിക്കുന്നതാണ്.

7. സ്വന്തമായ സ്വത്തുകൊണ്ട് സന്തോഷിക്കുകയും, പരന്മാരുടെ സമ്പത്ത് ആഗ്രഹിക്കാതിരിക്കുകയും ചെയ്താൽ കീർത്തി നശിക്കുകയില്ല, ധർമ്മം നശിക്കുകയില്ല, ബന്ധുക്കൾ വൈരികളാവുകയും ചെയ്യില്ല.

8. ക്രോധത്തെ അടക്കുന്നവന് അഭിവൃദ്ധിയുണ്ടാകുന്നു. നിത്യം ക്രോധിച്ചു കൊണ്ടിരിക്കുന്നവൻ സ്വയം നശിക്കുന്നു. (അവന് സമ്മോഹവും ബുദ്ധിനാശവും സംഭവിക്കുന്നു.)

9. എന്താപത്തിലും ക്ഷമിക്കുവാനുള്ള കഴിവുള്ളവനേ ഐശ്വര്യമുണ്ടാവുകയുള്ളൂ. അവനു മാത്രമേ ഇഹത്തിലും പരത്തിലും ഗതിയുണ്ടാവൂ.

10. പ്രതിഫലം ഇച്ഛിച്ചുകൊണ്ട് ധർമ്മം അനുഷ്ഠിക്കുന്നവൻ ഏറ്റവും നിന്ദ്യനാണ്.

11. ദൈവത്തിൽനിന്നും നമുക്കു കിട്ടേണ്ടതെല്ലാം കിട്ടുമെന്നു വിചാരിച്ച് മേലനങ്ങാതെ കാത്തിരിക്കുന്നവനും, വരുവാനുള്ളതെല്ലാം മുറയ്ക്കു ലഭിച്ചുകൊള്ളുമെന്നു കരുതുന്നവനും കേവലം മൂഢാത്മാവാണ്.

12. എല്ലാം വിധിയുടെ ഹിതം പോലെ വരട്ടെയെന്നു വിചാരിച്ച് കർമ്മം ചെയ്യാതെ കഴിഞ്ഞു കൂടുന്ന മൂഢൻ സ്വയം നശിച്ചു പോകുന്നു.

13. വിവേകികളായ പിതാക്കന്മാർ മക്കൾ പറഞ്ഞതിനെയെല്ലാം അഭിനന്ദിച്ച് സാധിപ്പിക്കുകയല്ല വേണ്ടത്, ഉപദേശിച്ച് നേർവഴിയിലൂടെ നടത്തുകയാണ് വേണ്ടത്.

14. വ്രതാനുഷ്ഠാനങ്ങളിലും സത്യധർമ്മാദികളിലും ശ്രദ്ധയുണ്ടായാൽ മാത്രമേ തീർത്ഥയാത്രകൊണ്ടു ഫലം സിദ്ധിക്കുകയുള്ളൂ.

15. പട്ടിണി കിടക്കുകയാണെങ്കിലും വല്ലപ്പോഴും മാത്രമേ ആഹാരം കഴിക്കാൻ സാധിക്കുന്നുള്ളൂവെങ്കിലും ദുഷ്ടമിത്രങ്ങളുടെ സഹായം കൂടാതെ ജീവിക്കാൻ സാധിക്കുന്നുവെങ്കിൽ അതുതന്നെയാണു വലിയ സുഖം.

16. ആത്മപ്രശംസ ചെയ്യുന്നവനും ദാനം ചെയ്തതിനെപ്പറ്റി വിഷമം പ്രകടിപ്പിക്കുന്നവനും സ്വർഗ്ഗത്തിനർഹനല്ലാതായിത്തീരുന്നു.

17. സുഖഭോഗങ്ങളിലുള്ള ആഗ്രഹം, ലോകത്തോടുള്ള ആസക്തി ഇവയാണ് മരണഭയത്തിനുള്ള കാരണങ്ങൾ.

18. ശരീരദുഃഖം മരുന്നുകൊണ്ടുമാറ്റാം. മനോദുഃഖം മരുന്നുകൊണ്ടോ ബുദ്ധികൊണ്ടോ മാറ്റാനാവില്ല. വിവേകം കൊണ്ടേ മാറ്റാനാവൂ.

19. മനസാവാചാകർമ്മണാ ആരെയും ഉപദ്രവിക്കാതിരിക്കുന്നതും എല്ലാവർക്കും ഹിതം ചെയ്യുന്നതുമാണ് സജ്ജനധർമ്മം.

20. സ്ത്രീയ്ക്ക് എന്തു സംസ്കാരവും നിഷ്ഠയും ഉണ്ടാകണമെന്നു വിചാരിക്കുന്നവോ അത് ആദ്യം തന്നെ പുരുഷൻ തന്നിലുണ്ടാക്കിത്തീർക്കണം. അങ്ങിനെ അധികം പേരും ചെയ്യാറില്ല.

അതുകൊണ്ടാണ് സഹധർമ്മാചരണത്തിന് വൈകല്യം വരുന്നത്.

21. സ്വന്തം അർത്ഥത്തെ ഉപേക്ഷിച്ചും അന്യന്റെ അർത്ഥത്തിൽ ആശ വെക്കുക, മിത്രങ്ങളെ സമ്പാദിക്കുവാൻ പാഴ് വേലകൾ ചെയ്യുക ഇവയൊക്കെ മൂഢന്റെ സ്വഭാവമാണ്.

22. കണ്ണ്, മനസ്സ്, വാക്ക്, കർമ്മം എന്നീ നാലുകൊണ്ടും ലോകത്തെ പ്രസാദിപ്പിക്കുന്നവനിൽ ലോകവും പ്രസാദിക്കും.

23. അന്യനുള്ള ധനം, രൂപം, വീര്യം, സുഖം, സൗഭാഗ്യം മുതലായവ കണ്ട് ഈർഷ്യയുണ്ടായാൽ അത് അവന്റെ സുഖ സൗഭാഗ്യങ്ങളെ നശിപ്പിക്കുന്ന വ്യാധിയായിത്തീരുകയേയുള്ളൂ.

24. പ്രിയാപ്രിയങ്ങൾ നോക്കാതെ ധർമ്മത്തെ മാത്രം ആശ്രയിച്ച് പഥ്യം പറയുന്നവനാണ് ശരിയായ മിത്രം.

25. ദുഃഖാർത്തന്മാർ, പ്രമത്തന്മാർ, നാസ്തികന്മാർ, അലസന്മാർ, അജിതേന്ദ്രിയന്മാർ, നിരുത്സാഹികൾ ഇവരിലൊന്നും ശ്രീ വസിക്കുകയില്ല.

26. മാനവും മൗനവും ഒരിക്കലും ഒരിടത്ത് ഒരുമിച്ചിരിക്കുകയില്ല.

27. പറഞ്ഞാൽ കേൾക്കുന്ന സുഹൃത്തുക്കളും ഹിതം പോലെ പറയുന്ന ബന്ധുക്കളും ചുരുക്കമാണ്.

28. വളരെ നാൾ പുകഞ്ഞു കിടക്കുന്നതിനേക്കാൾ ഭേദം അല്പനേരത്തേക്കാണെങ്കിലും കത്തിജ്വലിക്കുന്നതാണ്.

29. സ്വന്തം ദുഷ്പ്രവൃത്തി കൊണ്ട് ദോഷം നേടുന്ന പുരുഷൻ കാലത്തേയും ദേവന്മാരേയും കുറ്റപ്പെടുത്തുന്നതു ശരിയല്ല.

30. കർമ്മങ്ങൾ മൂന്നു മാതിരിയാണ്. ചിലത് ഈശ്വരകല്പനയാൽ, ചിലത് യാദൃശ്ചികമായിട്ട്, ചിലത് പൂർവ്വ കർമ്മഫലത്താൽ.

31. കാര്യകാരണങ്ങളറിയാതെ ദുർമ്മാർഗ്ഗത്തിൽ ചരിക്കുന്ന ഗർവ്വിഷ്ഠൻ ഗുരുവാണെങ്കിലും പരിത്യജിക്കേണ്ടതാണ്.

32. മനുഷ്യരുടെ ഒരു മാസം പിതൃക്കൾക്ക് ഒരു ദിവസമാണ്. മനുഷ്യരുടെ ഒരു വർഷം ദേവന്മാർക്ക് ഒരു ദിവസമാണ്. മനുഷ്യരുടെ 365 വർഷങ്ങൾ കഴിയുമ്പോൾ ദേവന്മാർക്ക് ഒരു വർഷമാകുന്നു. 4000 ദേവ വർഷം ചേർന്നതാണ് കൃതയുഗം. 3600 ദേവ വർഷം

ചേർന്നതാണ് ത്രേതായുഗം. 2400 ദേവ വർഷം ചേർന്നതാണ് ദ്വാപരയുഗം. 1200 ദേവ വർഷം ചേർന്നതാണ് കലിയുഗം.

33. ഗൃഹസ്ഥാശ്രമി മറ്റുള്ളവരിൽ നിന്നും കിട്ടുന്ന ദാനം സ്വന്തം ആവശ്യത്തിനായിട്ടു മാത്രം ഉപയോഗിക്കരുത്.

34. ആകാശത്തിൽ പക്ഷികൾ പറന്നു പോകുന്ന മാർഗ്ഗമോ, ജലത്തിൽ മത്സ്യങ്ങൾ നീന്തുന്ന മാർഗ്ഗമോ ഏതെന്നു കാണാൻ കഴിയുന്നില്ല. അതുപോലെ ജ്ഞാനികളുടെ മാർഗ്ഗവും അറിയാൻ കഴിയാത്തതാണ്.

35. ഈ ലോകത്തിൽ എല്ലായിടത്തും വ്യാപിച്ചു നിൽക്കുന്നതും എല്ലായിടത്തും കണ്ണും കാലും ചെവിയും തലയുമുള്ളതാണ് ആത്മാവ്.

36. ആഗ്രഹങ്ങളെ ജയിച്ച് മനസ്സിനെ ഏകാഗ്രമാക്കുമ്പോൾ കിട്ടുന്ന സുഖം മറ്റൊന്നിൽ നിന്നും കിട്ടുകയില്ല.

37. ദാനം ചെയ്യാത്തവരാണ് അടുത്ത ജന്മത്തിൽ യാചകന്മാരായി ജനിക്കുന്നത്.

38. ധർമ്മം അധർമ്മത്തിന്റെ രൂപത്തിലും അധർമ്മം ധർമ്മത്തിന്റെ രൂപത്തിലും പ്രത്യക്ഷപ്പെടാം. അതുകൊണ്ട് നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കണം.

39. ഇത് എന്റേതാണ് എന്ന ഭാവം വന്നുപോയാൽ ദുഃഖത്തിനുള്ള ബീജാവാപമായി. അതുകൊണ്ട് എന്തെങ്കിലും തന്റേതാക്കണമെന്ന മോഹത്തെ  താലോലിക്കരുത്.

40. അജ്ഞാനമാകുന്ന സാഗരം കടന്ന് ശുദ്ധനാകുവാൻ ശ്രമിക്കുകയാണ് ഒരുവന്റെ കർത്തവ്യം.

## പൊതുവിവരങ്ങൾ

**1. ഹിംസ –** ആഫ്രിക്കയിലെ ആദിമഗോത്രവർഗ്ഗക്കാർ പണ്ട് വിദേശികളെ കാണ്ടാൽ ഓടിച്ചിട്ട് പിടിച്ച് ചുട്ടുതിന്നുമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. എത്രവേദനയോടും ലജ്ജയോടും കൂടയാണ് നാം അത്തരം സംഭവങ്ങൾ ഇന്ന് ഓർക്കുന്നത്. ഇന്നത്തെ ക്രൂരമായ നമ്മുടെ സാമൂഹിക അന്തരീക്ഷം കാണുമ്പോൾ ഭാവിയിലെ കുറേ

ക്കൂടി പ്രബദ്ധമായ ജനതയും ലജ്ജിക്കേണ്ടിവരും. അവരും ദുഃഖത്തോടെ ഓർക്കേണ്ടി വരും നമ്മുടെ പൂർവ്വികർ മതത്തിന്റെയും രാഷ്ട്രത്തിന്റെയും ഒക്കെ പേരിൽ പരസ്പരം വെട്ടിക്കൊല്ലുമായിരുന്നുവെന്ന് അറിയുമ്പോൾ. ഒരു പരിഷ്കൃതസമൂഹത്തിന് ഭൂഷണമല്ല മഹാത്മജിയുടെ നാട്ടിൽ നടക്കുന്ന ഇത്തരം കൊലപാതകങ്ങൾ. മനുഷ്യർ ഹിംസ ഉപേക്ഷിക്കേണ്ട കാലം എന്നേ കഴിഞ്ഞിരിക്കുന്നു. രക്തവും കണ്ണീരും അല്ലാതെ ഇതിൽ നിന്ന് എന്ത് ലഭിക്കുവാനാണ്. കുട്ടികളുടെയും ബന്ധുക്കളുടെയും കരച്ചിൽ ഒന്നോർത്തു നോക്കുക വളരെ അത്യാവശ്യമായി വന്നാൽ അല്ലാതെ പോലീസ് സ്റ്റേഷനിൽ പോലും ഹിംസ പ്രയോഗിച്ചുകൂടാ. നിയമവ്യവസ്ഥയാണ് വേണ്ടത്. മഹാഭാരതത്തിൽ പാഞ്ചാലിയുടെ അഞ്ചുമക്കളേയും ഉറക്കത്തിൽ അശ്വാദ്ധാമാവ് ചതിച്ചു കൊല്ലുന്ന ഒരു രംഗം ഉണ്ട്. കൃഷ്ണാർജ്ജുനന്മാർ ചേർന്ന് പ്രതിയെ പിടിച്ച് ശിക്ഷ നടപ്പാക്കുവാൻ പാഞ്ചാലിയുടെ അടുത്തു കൊണ്ടുവരുന്നു. കുറ്റവാളിയെ വധശിക്ഷയ്ക്ക് വിധിക്കുമ്പോൾ പാഞ്ചാലിയ്ക്ക് അല്പം ആശ്വാസം കിട്ടുമല്ലോ. എന്നാൽ പാഞ്ചാലി ഈ ഗുരുപുത്രനെ വധിച്ചാൽ എന്റെ മക്കൾ ജീവിക്കുമോ എന്നു ചോദിച്ചു. എന്തെങ്കിലും ചെറിയ ശിക്ഷ കൊടുത്തു വിട്ടേക്കു വധിക്കേണ്ട എന്നാണ് പറയുന്നത്. കാരണം മക്കൾ മരിച്ച ദുഃഖം ഞാനറിയുന്നു. ഇനി മറ്റൊരമ്മയും എന്നെപ്പോലെ പുത്രദുഃഖത്താൽ കരയുവാൻ ഇടവരാതിരിക്കട്ടെ.

ആദ്യം അഹന്തയും പുറകേ ആയുധവും ഉപേക്ഷിച്ച് എല്ലാവരും മനുഷ്യരാണ് ഒരു കുടുംബത്തിലെ കണ്ണിയാണ് ഈ ഭൂമിയിൽ നമ്മെപ്പോലെ തന്നെ ജീവിക്കുവാൻ അവകാശമുള്ളവരാണ് എന്നു മനസ്സിലാക്കണം. അപ്പോൾ കൊടിയുടെ നിറം നോക്കിയോ വിശപ്പിന് അരി എടുത്തവനേയോ കൊല്ലാൻ തോന്നുകയില്ല. വൈവിധ്യം പ്രപഞ്ച നിയമമാണ്. അതില്ലാതാക്കാൻ ആർക്കും സാധ്യമല്ല. കൊലയാളികളെ അങ്ങനെ തന്നെ കണ്ട് ഭരണകൂടം ശിക്ഷിക്കട്ടെ. അവരെ ജാതിമത രാഷ്ട്രീയത്തിന്റെ മേലങ്കി ഇടീക്ക

രുത്. കോടതികൾ ഹിംസയെ നിയമപരമായി നേരിടുകയും ജനം ആയുധം എടുക്കാതെ അഹിംസയുടെ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുമ്പോൾ ഈ വിപത്തിൽ നിന്നും നാം രക്ഷപ്രാപിക്കും.

ഇവിടെ പല മതങ്ങളും തത്വശാസ്ത്രങ്ങളും ഉണ്ടായിരിക്കും അതാണ് പ്രകൃതിയുടെ മാധുര്യം. ഇഷ്ടമുള്ളതു സ്വീകരിച്ചു മുന്നോട്ടുപോകാം. പരസ്പരം കൈകോർത്ത് മുന്നോട്ടു പോകുകയാണ് രക്ഷാമാർഗ്ഗം അച്ഛൻ പറഞ്ഞതുപോലെ നമുക്കൊന്നിച്ച് ക്രിസ്തുമസ് ആഘോഷിക്കാം, കുംഭമേളയ്ക്ക് പോകാം, ഒന്നിച്ച് ഹജ്ജിനും പോകാം എന്താ കുഴപ്പം. മനുഷ്യർ വേണ്ടപ്പെട്ടവരാണെന്ന ബോധം ഉദിച്ചാൽ അകലങ്ങളെല്ലാം അസ്തമിക്കും. ഇപ്പോഴത്തെ അന്ധകാരം മാറി പുതിയ സൂര്യോദയത്തിനായി ഓരോരുത്തരും മനസ്സിൽ ഹിംസയെ വേരോടെ പിഴുതെറിയുക അവിടെ സ്നേഹ പുഷ്പം വളർന്ന് വികസികട്ടെ.

**2. സുനിലിന്റെ കത്ത്**

പ്രിയ രാധാകൃഷ്ണൻ ചേട്ടൻ, കഴിഞ്ഞ ലക്കം ദർശനം വായിച്ചപ്പോഴാണ് എന്റെ ഒരു സംശയം മാറികിട്ടിയത്. പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. എന്തിനാൽ പ്രേരിതരായിട്ടാണ് ഈ മനുഷ്യർ മദ്യത്തിന്റെ പിന്നാലെ സഞ്ചരിക്കുന്നത്. വീട്ടിൽ ഭാര്യയും മക്കളും അത്താഴം വെച്ച് ജോലി കഴിഞ്ഞു വരുന്ന അച്ഛനെ നോക്കി ഇരിക്കുമ്പോൾ ഷാപ്പിന്റെ തിണ്ണയിൽ കിടക്കുന്നതായി അറിയുന്നു. അല്ലെങ്കിൽ ഏതെങ്കിലും വീട്ടിലാണ് കിടപ്പ്. എന്താണ് ഇങ്ങനെ മനുഷ്യർ അധപ്പതിക്കുന്നത് എന്ന എന്റെ സംശയത്തിന് മർക്കടന്റെ കുമ്പസാരത്തിൽ ചേട്ടൻ കൃത്യമായ മറുപടി കൊടുത്തിട്ടുണ്ട്. ധാർമ്മിക ജീവിതാനന്ദത്തിലും കൂടുതൽ ലഹരി പൈശാചികാനന്ദത്തിൽ നിന്നും ലഭിക്കും. പക്ഷേ അത് വിഷമായി പരിണമിച്ച് നമ്മെ നശിപ്പിക്കും. വീണ്ടുവിചാരമില്ലാത്തവർ അതു ചിന്തിക്കാതെ താത്ക്കാലിക സുഖത്തിനു പിന്നാലെ അലയും. ഇന്നത്തെ ലഹരിപ്രിയരായ കുട്ടികൾക്ക് ഈ സത്യം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ സമൂഹത്തിന് വലിയനേട്ടമാകുമായിരുന്നു.

സുനിൽ പി. കഞ്ഞിപ്പാടം 9947620888

**3. നാമകരണം –** അയൽകൂട്ടം എന്ന ആശയം പിറന്നുവീണവീട്ടിൽ ഒരംഗം കൂടി പിറന്നു. കൃഷ്ണക്ക് ഒരു മകൾ ജനിച്ചു. നാമകരണദിവസം ആരാധ്യ കൃഷ്ണ എന്ന് കുട്ടിയുടെ അച്ഛൻ ആനന്ദ് കൃഷ്ണ ചെവിയിൽ മന്ത്രിച്ചു. മൂന്നു തവണ പേര് ചൊല്ലി വിളിച്ചു. ബന്ധുക്കളും അടുത്തുള്ള ദർശനം മിത്രങ്ങളും പങ്കെടുത്ത ചടങ്ങിൽ തിരുവനന്തപുരത്ത് വഴയിലയിലുള്ള ആനന്ദിന്റെ കുടുംബാംഗങ്ങൾ എല്ലാവരും എത്തിചേർന്നു. അനശ്വർ (സന്ദർശൻ കാറ്ററിംഗ്) നല്ല ഭക്ഷണം തയ്യാറാക്കി തന്നു. എല്ലാം മംഗളമായി നടന്നു.

**4. ദർശനത്തിന്റെ അപേക്ഷ–** ഓരോരുത്തരും അവരവരുടെ കർമ്മമണ്ഡലത്തിൽ ഒരുപാടു മുന്നോട്ടു പോകുവാൻ ഉണ്ട്. ഒന്നിച്ചുള്ള യാത്രക്ക് പരസ്പര സഹകരണം അത്യാവശ്യമാണ്. അഭിപ്രായ വ്യത്യാസങ്ങൾ സ്നേഹാദരപൂർവ്വം പറയുക. കുറ്റപ്പെടുത്തികൊണ്ടുള്ള അനാവശ്യമായ ഇടപെടലുകൾ ആരും നടത്തരുത്. അത് നമ്മെ മുന്നോട്ടല്ല പിന്നോട്ടായിരിക്കും നയിക്കുന്നത്. ഇത് വീട്ടിലും നാട്ടിലും, രാഷ്ട്രീയം, മതം, ചികിത്സ, എന്നീ രംഗങ്ങളിലും പ്രവർത്തിക്കുന്നവർ പഠിക്കേണ്ടതാണ്. ഇവിടെ മനുഷ്യന് സ്വത്തിനെക്കാൾ ആവശ്യം സ്വസ്ഥതയ്ക്കാണ്.

**5. ആരണ്യകാണ്ഡം –** സാഹചര്യം അനുകൂലമായാൽ മെയ്മാസത്തിൽ ഒരു വനയാത്ര നടത്താം. സ്ഥലകാലങ്ങൾ തീരുമാനമായിട്ടില്ല. വയനാട് പരിഗണനയിൽ താത്പര്യം ഉള്ളവർ അറിയിക്കുക.

**ദേഹവിയോഗങ്ങൾ**

**1. ശ്രീധരൻ നായർ** – 83– നമ്മുടെ ശ്രീനാഥ് സാറിന്റെ അച്ഛൻ വാർദ്ധക്യസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസറായി സേവനം അനുഷ്ടിച്ചിരുന്ന അദ്ദേഹം അച്ഛന്റെ മിത്രവും ദർശനം കുടുംബാംഗവുമാണ്. രോഗാവസ്ഥയിൽ ആശുപത്രിയിൽ പോയി കണ്ടിരുന്നു. വിയോഗം അറിഞ്ഞ് കളർകോടുള്ള വസതിയിൽ എത്തി അമ്മയോടൊപ്പം

അല്പസമയം ഇരുന്നു ദുഃഖങ്ങൾ പങ്കുവെച്ചു. മരണം എന്ന വാതിലിനപ്പുറം പോയ ചേട്ടന് ദർശനത്തിന്റെ ആദരാഞ്ജലികൾ.

2. **വിശ്വംഭരപണിക്കർ**-90-തുറവൂർ വിജയനാഥ് സാറിന്റെ അച്ഛൻ വാർദ്ധക്യസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. ചേട്ടനും മറ്റ് മക്കളും ശുശ്രൂഷിച്ചുകൊണ്ട് അടുത്തുണ്ടായിരുന്നു. ഗാന്ധിയൻ ആശയാദർശങ്ങൾക്കനുസരിച്ച് ജീവിച്ചുപോന്ന അദ്ദേഹം കഴിഞ്ഞ അറുപതുവർഷമായി യോഗ പഠിച്ച് പരിശീലിപ്പിച്ചു പോരുന്നു. ദൂരെയാണെങ്കിലും ദർശനം കുടുംബാംഗങ്ങളുടെ എല്ലാ ആദരാഞ്ജലികളും. മാനുഷിക ധ്യാനപഥത്തിലൂടെ അർപ്പിക്കുന്നു.

3. ഡോ.ആർ കെ ഷേണായ്. ആലപ്പുഴയിലെ ഏറ്റവും പ്രശസ്തനായ ഡോ.ആർ കെ ഷേണായ് അന്തരിച്ചതായി ഇപ്പോൾ അറിഞ്ഞു. അസാധാരണ ധാർമ്മിക ബലമുണ്ടായിരുന്ന ഡോക്ടർ അച്ഛന്റെ അടുത്ത മിത്രം ആയിരുന്നു. ദർശനത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അനുസ്മരണം അടുത്ത ലക്കത്തിൽ.

---

**മടിശ്ശീല :-** ശ്രീദേവികാരാട്ട്-250, അമ്മിണിചേച്ചി തത്താരപ്പിള്ളി-300, ഗോവിന്ദൻ, ചെമ്പകശ്ശേരി-500, താര അമ്പലപ്പുഴ -500, റഹ്മത്തുള്ള-200, അനിതഷാജി-250, കൃഷ്ണൻകുട്ടിചേട്ടൻ -200, തോമസ് ഇ.എം-500, പരീത്കുഞ്ഞ്, ബാഗ്ലൂർ-1000, ഭുവനേന്ദ്രൻ നായർ, വഴയില-1000, സണ്ണി വർഗ്ഗീസ്-300, ഡോ.എൻ.എൻ.പണിക്കർ-1000, സുരേഷ്, തോട്ടപ്പള്ളി-300, പുരുഷോത്തമകൈമൾ-500, സജീവ്കുമാർ-100, കഞ്ഞിപ്പാടത്തുനിന്നും അമ്മിണിചേച്ചി- 200, രാജമ്മചേച്ചി-200, ഗീതപുത്തൻപുര-250, അനിത,പുളിവീട് -200, ചന്ദ്രശേഖരൻ, ഉഷസ്സ് -200, രമേശ്, കളർകോട്-200, രമചേച്ചി, കളമശ്ശേരി-300, കൂട്ടുകാരി ഗിരിജ-1000, സോമൻചേട്ടൻ, സോമപുരം-500, കബീർ, പാലക്കാട്-200, കൃത്യതകുറവായതിനാൽ പലതും വിട്ടുപോയികാണും.

എല്ലാവർക്കും പ്രണാമം.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

അസ്വസ്ഥതകളുടെ കാരണം - പാരസ്പര്യത്തിൽ അധിഷ്ഠിതമാണ് നമ്മുടെ ലോകവും അതിലെ എല്ലാ ജീവജാലങ്ങളും. മനുഷ്യർ പ്രകൃതിയെ സംരക്ഷിക്കുമ്പോൾ പ്രകൃതി നമ്മെയും സംരക്ഷിക്കും. മനുഷ്യർ പരസ്പരം സ്നേഹത്തോടും സേവന മനോഭാവത്തോടും കൂടിജീവിക്കുമ്പോൾ മാത്രമേ ജീവിതത്തിൽ വിജയം ഉണ്ടാവുകയുള്ളു. തന്നെ പറ്റി മാത്രം ചിന്തിക്കുമ്പോൾ ദുഖവും മറ്റുള്ളവരെ കൂടി പരിഗണിക്കുമ്പോൾ ആനന്ദവും ഉണ്ടാകുന്നു. ഈ തത്വം മനുഷ്യർ മറന്നാൽ പ്രകൃതി നിലനിൽപ്പിനായി പ്രതികരിക്കും. അത് ഓഖിയായി, സുനാമിയായി രോഗങ്ങളായി സംഘർഷമായി യുദ്ധമായി പ്രത്യക്ഷപ്പെടും

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306